# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 371 — 28.10.2019 - ൽ മറുപടിക്ക്.

## പൊതുവിതരണം അഴിമതിരഹിതമാക്കാൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. കൃഷ്ണൻ**<br>**,, കെ. വി.വിജയദാസ്**<br>**,, എം. നൗഷാദ്**<br>**,, ബി.സത്യൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പൊതുവിതരണ രംഗത്തെ അഴിമതിയും ക്രമക്കേടും ഇല്ലാതാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സമ്പൂർണ്ണമായി നടപ്പിൽ വന്നതോടുകൂടി പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യവും കാര്യക്ഷമവും ഫലപ്രദവുമായി മാറിയിട്ടുണ്ട്. വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ റേഷൻ കടകൾ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്തു വരുകയും ചെയ്യുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 07.01.2017 ലെ 1/17 സർക്കുലർ അനുസരിച്ച് റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നും ഉറപ്പു വരുത്തുന്നതിനും വീഴ്ച വരുത്തുന്നവരുടെ പേരിൽ 1966-ലെ കേരള റേഷനിംഗ് ഓർഡർ, 1955-ലെ അവശ്യ സാധന നിയമം എന്നിവ അനുസരിച്ച് കർശന നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാനതല പരിശോധന സംഘം ഗോഡൗണുകളിലും റേഷൻ കടകളിലും പരിശോധന നടത്തി വരുന്നു.<br>റേഷൻ കടകളിൽ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധനാ വേളയിൽ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരം നടപടികൾ സ്വീകരിക്കുകയും |

| | |
|---|---|
| | ചെയ്യുന്നു. ഇതിന് പുറമേ ഉപഭോക്താക്കളുടെ പ്രതിമാസ റേഷൻ വിഹിതം സംബന്ധിക്കുന്ന വിവരങ്ങൾ എസ്.എം.എസ്. ആയി അറിയിക്കുകയും ചെയ്യുന്നു. എഫ്.സി.ഐ.യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഉപഭോക്താക്കൾക്ക് നൽകുന്നതുവരെയുള്ള കാര്യങ്ങൾ ട്രാൻസ്പാരൻസി പോർട്ടൽ വഴി ലഭ്യമാക്കുന്നതിനും വ്യവസ്ഥയുണ്ട്. |
| **(ബി)** പൊതുവിതരണ രംഗത്ത് ഈ സർക്കാർ നടപ്പാക്കിയ ആധുനികവത്ക്കരണം ഈ രംഗത്തുണ്ടായിരുന്ന ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിന് എത്രമാത്രം സഹായകമായി എന്ന് വ്യക്തമാക്കാമോ; | **(ബി)** സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം നടത്തിവരുന്നു. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിന് തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നുണ്ട്. ഇപ്പോൾ വിരലടയാളമാണ് പരിശോധിക്കുന്നത്. ഐറിസ് (കൃഷ്ണമണി) വെരിഫിക്കേഷൻ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയിരുന്നു. കൂടാതെ റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തൽസമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കുന്നതുമാണ്. |
| **(സി)** സംസ്ഥാന-ജില്ല-താലൂക്ക് തലങ്ങളിലും റേഷൻകട തലത്തിലും ജനപങ്കാളിത്തത്തോടെ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ, വിശദാംശം നൽകുമോ? | **(സി)** ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ 17.08.2018 ലെ സ.ഉ(സാധാ)നം.417/2018/ഭ.സി.സ.വ, 418/2018/ഭ.സി.സ.വ, 419/2018/ഭ.സി.സ.വ, 420/2018/ഭ.സി.സ.വ എന്നിവ പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിലും, സംസ്ഥാനതല വിജിലൻസ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ തലത്തിലും സ്വീകരിച്ച് വരുന്നു. |

*സെക്ഷൻ ഓഫീസർ*